പതിനാലാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1186** **03.12.2018-ൽ മറുപടിയ്ക്ക്**

# കരമന-വെള്ളറട റോഡ് വികസനം

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.ഐ.ബി. സതീഷ്** | **ശ്രീ.ജി.സുധാകരൻ**<br>**(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി)** |
| **(എ)** കരമന -വെള്ളറട റോഡ് വികസനത്തിനായുള്ള നടപടികൾ എന്തായെന്ന് വിശദമാക്കുമോ; | **(എ)** കരമന – വെള്ളറട റോഡിന്റെ നവീകരണത്തിനായി ഭൂമി ഏറ്റെടുക്കുന്നതിനായി 21.44 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ഭൂമി ഏറ്റെടുക്കുന്നതിന്റെ ഭാഗമായി അതിർത്തികല്ലുകൾ സ്ഥാപിച്ചു കഴിഞ്ഞു. റിക്വിസിഷൻ ഫോം തയ്യാറാക്കി വരുന്നു. ഡീറ്റെയിൽഡ് പ്രൊജക്റ്റ് റിപ്പോർട്ട് തയ്യാറാക്കുന്ന ജോലികൾ പുരോഗമിച്ചു വരുന്നു. |
| **(ബി)** പ്രസ്തുത റോഡ് നിർമ്മാണത്തിനായുള്ള ഭൂമി ഏറ്റെടുക്കൽ നടപടികൾ ഏതുവരെയായി; ഇതിനായി സ്വീകരിച്ചിട്ടുള്ള തുടർ നടപടികൾ എന്തെല്ലാം; വിശദമാക്കാമോ; | **(ബി)** അതിർത്തി കല്ലുകൾ സ്ഥാപിക്കുന്ന ജോലികൾ പൂർത്തിയതായിക്കഴിഞ്ഞു. ഭൂമി ഏറ്റെടുക്കൽ നടപടികൾക്കായി ആദ്യത്തെ 5.5 കി.മീറ്ററിൽ റവന്യൂ അധികാരികളുമായി സംയുക്ത സ്ഥലപരിശോധന നടത്തി ക്കഴിഞ്ഞു. ബാക്കിയുള്ള 12 കി.മീറ്ററിന് ജില്ലാ കളക്ടർക്ക് അപേക്ഷ സമർപ്പിച്ചു. 17.5 കി.മീറ്റർ മുതൽ 35.5 കി.മീറ്റർവരെ റിക്വിസിഷൻ ഫോം തയ്യാറാക്കി വരുന്നു. |
| **(സി)** പ്രസ്തുത റോഡിന്റെ നിർമ്മാണ പ്രവർത്തനം എന്ന് ആരംഭിക്കാനാകുമെന്ന് വിശദമാക്കുമോ? | **(സി)** ഭൂമി ഏറ്റെടുക്കൽ നടപടികളും, ടെൻഡർ നടപടികളും പൂർത്തിയായശേഷം നിർമ്മാണ പ്രവർത്തനം ആരംഭിക്കാനാകും. |

സെക്ഷൻ ഓഫീസർ